റാവുബഹദൂർ ടി. കെ. നായർ:

(എ) പൊല്ലീസിന്റെ കൃത്യനിർവ്വഹണങ്ങളിൽ അവരെ സഹായിക്കുക.

(ബി) യോഗ്യത, ഇതിനുവേണ്ട സമയവും സൌകര്യവും, പ്രായപരിധിയും ശേഷിയും ഉണ്ടായിരിക്കുക എന്നതാണു". സ്ഥലം പോലീസു" ഇൻസ്പെക്ടരുടേയും മേലധികാരിമാരുടേയും ശിപാർശയനുസരിച്ചു പോലീസു കമ്മീഷണരാണു നോമിനേഷൻ നടത്തുന്നതു".

(സി) അല്ല.

(ഡി) മെമ്പർമാരുടെ കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടില്ല.

(ഇ) ഉണ്ടു". പഴയ വില്ലേജു" വിജിലൻസു" കമ്മിറ്റിമെമ്പർ പോലീസിനു സഹായമല്ലാതായിതീർന്നതുകൊണ്ടാണു" നോമിനേഷൻ അസ്ഥിരപ്പെടുത്തിയതു". പെരുമ്പിള്ളി പത്രോസു" അബ്രഹാം ഇണു" പുതിയ മെമ്പർ. അദ്ദേഹത്തിന്റെ യോഗ്യത (ബി) യുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നതാണു".

NON-ADMISSION TO HOTELS, ETC.—PARTICULARS OF

206. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

(എ) എല്ലാ ചായക്കടകളിലും കാപ്പിക്കടകളിലും ഹോട്ടലുകളിലും ബാർബർ ഷാപ്പുകളിലും ജാതിമതഭേദമെന്യെ എല്ലാവർക്കും പ്രവേശനമുണ്ടായിരിക്കണമെന്നുള്ള നിയമം ഉണ്ടായതിനുശേഷം എല്ലാവർക്കും പ്രവേശനം അനുവദിക്കാതിരുന്നിട്ടുള്ള ചായക്കടകൾ എത്ര, കാപ്പിക്കുടുകൾ എത്ര, ഹോട്ടലുകൾ എത്ര, ബാർബർ ഷാപ്പുകൾ എത്ര;

(ബി) അവ ഏതെല്ലാം സ്ഥലങ്ങളിലാണു";

(സി) പ്രവേശനം നിഷേധിക്കപ്പെട്ടിട്ടുള്ളതിനെക്കുറിച്ചു" ഏതെല്ലാം സ്ഥലങ്ങളിൽനിന്നാണു" ആക്ഷേപങ്ങൾ കിട്ടീട്ടുള്ളതു"?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഒന്നുമില്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഇരിങ്ങാലക്കുട, മട്ടാഞ്ചേരി, കുട്ടനെല്ലൂർ, നന്തിപുലം, മനക്കൊടി, ആറാട്ടുപുഴ, വല്ലച്ചിറ, വടമ, തിരുമുക്കുളം, കണ്ണങ്കുളങ്ങര, കല്ലൂർ-വടക്കുംമുറി, കല്ലൂർ-തെക്കുംമുറി, ആലത്തൂർ എന്നീ സ്ഥലങ്ങളിൽനിന്നു" ആക്ഷേപങ്ങൾ കിട്ടീട്ടുണ്ടു". പക്ഷെ, അന്വേഷിച്ചതിൽ ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്നാണു" അറിവു കിട്ടിയതു".

VIVEKODAYAM HIGH SCHOOL—BRANCH AT PUNKUNNAM

207. Mr. K. I. Velayudhan *(Ezhuvas-Talappalli)*:

(*a*) will Government be pleased to state whether a copy of the order according sanction to the management of Vivekodayam (Samajam) High School to open a branch at Punkunnam was duly communicated to the Inspectress of Schools:

(*b*) if the answer to the above question is in the negative, will Government be pleased to state why it was not so communicated?

Mr. K. Balakrishna Menon *(Minister for Food and Education)*:

(*a*) No.

(*b*) It is an omission.

മിസ്റ്റർ കെ. ഐ. വേലായുധൻ: സാധാരണയായിട്ടു" ഏതെങ്കിലും ഒരു branch തുടങ്ങുകയാണെങ്കിൽ Inspector-രേയോ, Inspectress of Schools-നേയോ അറിയിക്കേണ്ട ചുമതലയില്ലെ?

Mr. K. Balakrishna Menon. (*Minister for food and Education*) Yes.

REPORT IN THE "PRAJAMITRAM"—ENTRANCE PROHIBITED BY THE POLICE—PARTICULARS OF

208. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ —

പ്രധാനമന്ത്രിയെ കാണാൻ ചെന്ന "പ്രജാമിത്രത്തിന്റെ" പ്രതിനിധിയെ മന്ത്രിയുടെ പടിക്കൽ കാവൽ നിന്നിരുന്ന റിസർവ്വു പോലീസുകാരൻ തടഞ്ഞുനിറുത്തുകയും ആക്ഷേപ

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും ചെയ്തതായി പ്രജാമിത്രത്തിൽ ഉണ്ടായിരുന്ന റിപ്പോർട്ട് ശരിയെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഉവ്വ്.

മിസ്റ്റർ കെ. എ. രാഘവൻ: എന്തു കാരണത്തിന്മേലാണ് അദ്ദേഹത്തെ തടഞ്ഞുനിർത്തിയത്?

റാവുബഹദൂർ ടി. കെ. നായർ: അന്ന് അങ്ങിനെ തടഞ്ഞുനിർത്തേണ്ടതിന്റെ അത്യാവശ്യമുണ്ടായിരുന്നു. ആ സ്ഥലത്ത് സത്യാഗ്രഹം നടന്ന കാലത്താണ് ഇതുണ്ടായതായി പറയുന്നത്. അന്ന് മന്ത്രി അവിടെ ഇല്ലാതിരുന്ന അവസരത്തിൽ, അവിടെയുള്ള ആളുകളെ അതിന്റെ അകത്തുപോയി ഉപദ്രവിക്കാതെ കഴിക്കേണ്ട ചുമതല പോലീസിനുണ്ടായിരുന്നു. എല്ലാവരോടും, വളരെ അധികം തിരക്കു കൂട്ടണ്ട എന്നു പറയേണ്ട ആവശ്യം ഉണ്ടായിരുന്നു.

മിസ്റ്റർ കെ. എ. രാഘവൻ: മറവല്ല പത്രറിപ്പോർട്ടർമാരേയും അകത്തേക്കു വിടുകയുണ്ടായിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അന്വേഷിച്ചില്ല.

മിസ്റ്റർ കെ. എ. രാഘവൻ: എന്നാണ് ഈ സംഭവമുണ്ടായതു്?

റാവുബഹദൂർ ടി. കെ. നായർ: ചിങ്ങമാസത്തിലാണ്.

മിസ്റ്റർ ജോസ് കെ. മാണി: മന്ത്രിമാരുടെ പടിക്കൽ റിസർവ്വ് പോലീസ് കാവലുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

MULLURKAYAL IRRIGATION—COLLECTION OF CESS

209. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) മുള്ളൂർ കായൽ ജലസേചന പദ്ധതിക്കുവേണ്ടി കോൾ കൃഷിക്കാരുടെ പക്കൽനിന്ന് എതെങ്കിലും സെസ്സ് പിരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സംഖ്യയാണ് പിരിഞ്ഞിട്ടുള്ളതു്;

(ബി) എല്ലാ കൃഷിക്കാരുടേയും പക്കൽനിന്ന് ഈടാക്കീട്ടുണ്ടോ;

(സി) ഈടാക്കുന്നതിനു് ഉദ്ദേശിച്ചിട്ടില്ലെങ്കിൽ വാങ്ങിയവരുടെ സംഖ്യ മടക്കിക്കൊടുക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ മടക്കിക്കൊടുത്തു കഴിഞ്ഞുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉണ്ട്. ക. ൽ, ൈവ ം—ൽ—ൽ.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഇല്ല. മടക്കിക്കൊടുക്കുവാൻ എല്ലാ നടപടികളും എടുത്തുകഴിഞ്ഞിട്ടുണ്ട്. റീഫണ്ട് ബില്ലുകൾ പാസ്സാക്കേണ്ട താമസം മാത്രമെയുള്ളൂ.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്: എത്രകാലമായി ഇങ്ങിനെ ഈടാക്കാൻ തുടങ്ങിയിട്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഏകദേശം ഒരു കൊല്ലത്തിൽ മേലെയായിട്ടുണ്ട്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്: ഗവൺമെന്റിനു കിട്ടാനുള്ള പണത്തിനു ഗവൺമെന്റ് പലിശ ഈടാക്കാറുണ്ടല്ലോ. ആ മാതിരി ഇതിനും പലിശ കൊടുക്കണ്ടേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആർക്കൊക്കെയാണ് കൊടുക്കേണ്ടതു് എന്നന്വേഷണത്തിൽ ഇരിക്കുമ്പോൾ പലിശ കൊടുക്കുന്ന പതിവില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഒമ്പതിനായിരത്തിൽ ചിലവാനം ഉറുപ്പിക പിരിച്ചു എന്നു പറയുന്നതു് ഏതു കൊല്ലത്തിലാണ്?

LIBRARY ARCHIVES Kerala Legislative Assembly